പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1868

14.07.2011-ന്
മറുപടിക്ക്

## നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. എ.എം. ആരിഫ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണത്തിന് നേതൃത്വപരമായ പങ്ക് വഹിക്കാൻ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് കഴിയുന്നുണ്ടോ; വിശദമാക്കുമോ; | (എ) കഴിയുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.<br>• സങ്കരയാൺ (കോട്ടൺ, ജൂട്ട്, ഫൈബർ) കൊണ്ട് നിർമ്മിച്ച ടേബിൾ മാറ്റ്, ബഡ് സൈഡ് റഗ്, ലേഡീസ് ബാഗ് തുടങ്ങിയ ഉല്പന്നങ്ങളും കയർ പിത്ത് ഫില്ലർ മെറ്റീരിയലായി ഉപയോഗിച്ചു കൊണ്ടുള്ള ചവിട്ടി, ചെരുപ്പ് തുടങ്ങിയവയും വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് ഷോറൂം മുഖാന്തിരം വില്പന നടത്തി വരുന്നു.<br>• കയറുല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ബ്രാൻഡ് ബിൽഡിംഗ് ഓഫ് കേരള കയർ എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ കയറിന് "കേരള കയർ - ദൈവത്തിന്റെ സ്വന്തം നാട്ടിലെ സുവർണ്ണ നാര്" എന്ന് ബ്രാൻഡ് നാമം നൽകി.<br>• കയറുല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായുള്ള ബ്രാൻഡ് സർട്ടിഫിക്കേഷൻ ഏജൻസിയായി പ്രവർത്തിച്ചു വരുന്നു.<br>• കയർ മേഖലയിൽ യന്ത്രവൽക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഉല്പാദന ക്ഷമത കൂടിയ ആട്ടോമാറ്റിക് കയർ സ്പിന്നിംഗ് |

| | |
|---|---|
| | മെഷീൻ വികസിപ്പിച്ചു വരുന്നു.<br>• ചകിരി വേർതിരിക്കൽ യന്ത്രം വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് കയർ സഹകരണ സംഘങ്ങൾക്ക് സൗജന്യമായി നൽകി വരുന്നു. |
| (ബി) കയർ പിരി യന്ത്രങ്ങൾക്കായി നടന്നുവരുന്ന ഗവേഷണങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (ബി) കയർപിരി മേഖലയുടെ നവീകരണത്തിനായി ഉല്പാദന ക്ഷമത കൂടിയ കയർ പിരി യന്ത്രം രൂപകല്പന ചെയ്ത് പരീക്ഷണാടിസ്ഥാനത്തിൽ ഒരു യന്ത്രം നിർമ്മിച്ചു വരുന്നു. ഇതിന്റെ 75% ജോലികളും പൂർത്തിയായിട്ടുണ്ട്. |
| (സി) ഇത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്? | (സി) അടുത്ത മാസം ആദ്യവാരത്തോടു കൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ